പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1165 — 30.09.2016-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.മാവേലിക്കര ഡിപ്പോയിലെ ഡ്രൈവർമാരുടെ എണ്ണം

ചോദ്യം

ശ്രീ. ആർ. രാജേഷ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോയിൽ ഈ സർക്കാർ അധികാരമേൽക്കുമ്പോഴുണ്ടായിരുന്ന ഡ്രൈവർമാരുടെ എണ്ണം എത്രയായിരുന്നെന്നും നിലവിലുള്ള ഡ്രൈവർമാരുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ; കൂടുതൽ ഡ്രൈവർമാരെ ഡിപ്പോയിലേക്ക് ലഭ്യമാക്കണം എന്ന ആവശ്യത്തിന് അടിയന്തര പരിഹാരം കാണുമോ; | (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ മാവേലിക്കര യൂണിറ്റിൽ ഉണ്ടായിരുന്നത് 85 സ്ഥിരം ഡ്രൈവർമാരും 13 എംപാനൽ ഡ്രൈവർമാരും ആയിരുന്നു. നിലവിൽ ടി യൂണിറ്റിൽ 83 സ്ഥിരം ഡ്രൈവർമാരും 16 എംപാനൽ ഡ്രൈവർമാരുമാണുള്ളത്. പി.എസ്.സി.യിൽ നിന്നും പുതിയ നിയമനം ലഭിക്കുന്ന മുറയ്ക്കും സ്ഥലം മാറ്റം ആവശ്യപ്പെടുന്നതനുസരിച്ചും കൂടുതൽ ഡ്രൈവർമാരെ നിയമിക്കുന്നതാണ്. |
| (ബി) | മാവേലിക്കര മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കായംകുളം-കോമല്ലൂർ -നൂറനാട് -പന്തളം സർവ്വീസ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കായംകുളം - കോമല്ലൂർ - നൂറനാട് - പന്തളം സർവ്വീസ് വരുമാനക്കുറവുമൂലം നിന്നുപോയതാണ്. ബസ്സിന്റെ ലഭ്യതക്കനുസരിച്ച് ടി റൂട്ടിൽ പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ